# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3144 | 18-06-2019 ൽ മറുപടിയ്ക്ക്

# ഫോർട്ട്കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ഫോർട്ട്കൊച്ചി ബോട്ട് ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിമിനായി മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത കേസുകൾ തള്ളിയതിനെത്തുടർന്ന് അർഹമായ തുക ലഭിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിൽ നടപടി സ്വീകരിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ; | (എ) | ഫോർട്ടുകൊച്ചി കായലിൽ 26-08-2015 ന് ഉണ്ടായ ബോട്ട് അപകടത്തിൽ 11 പേർ മരണമടയുകയും 10 പേർക്ക് ഗുരുതര പരിക്ക് പറ്റുകയും ചെയ്തിട്ടുള്ളതാണ്. ഇതിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം 55 ലക്ഷം രൂപയും ഗുരുതര പരിക്ക് പറ്റിയവർക്ക് ഒരു ലക്ഷം രൂപ വീതം 10 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്. അപകടത്തിൽ മരണപ്പെട്ട അമരാവതി പുളിക്കൽ വീട്ടിൽ ആർ.ജോസഫിന്റെ ഭാര്യ അമ്മിണി ജോസഫ് ജനസാന്ത്വന പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊജക്ട് നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. ശ്രീ.പി.ആർ.ഡേവിഡ് സർക്കാർ ജോലി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ മറ്റെന്തെങ്കിലും ജോലി നൽകുവാൻ കഴിയുമോ എന്നു പരിശോധിക്കാൻ ടിയാന്റെ അപേക്ഷ എറണാകുളം ജില്ലാ കളക്ടറേറ്റിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നൽകിയിരിക്കുകയുമാണ്. |
| (ബി) ഇത് സംബന്ധിച്ച 260/E2/2018/മ.ഉ.വ. നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ ; | (ബി) | ഈ ഫയലിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുകയും കൂടുതൽ പരിശോധനകൾക്കായി മറ്റു ചില രേഖകൾ കൂടി ആ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയുമാണ്. |
| (സി) ഈ വിഷയത്തിൽ തുറമുഖവകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ - മാതൃഭാഷ "

നമ്പർ ബി3-3420/2016/ഡിപി

തുറമുഖ കാര്യാലയം,
വലിയതുറ,
തിരുവനന്തപുരം-08
ഫോൺ : 0471-2506415 /509842
ഫാക്സ് : 0471-2507533/2500438
**E-mail: director.port@kerala.gov.in**
**Website: www.keralaports.gov.in**
തീയതി : 11/01/2019

തുറമുഖ ഡയറക്ടർ

അഡീഷണൽ ചീഫ് സെക്രട്ടറി ,
മത്സ്യബന്ധന തുറമുഖ വകുപ്പ് ,
തിരുവനന്തപുരം

സർ ,

വിഷയം :- തുറമുഖ കാര്യാലയം - ഫോർട്ട് കൊച്ചി ബോട്ടപകടം - നഷ്ടപരിഹാരം - സംബന്ധിച്ച്

സൂചന: നമ്പർ 260/ഇ 2/2018/മതുവ തീയതി 29/09/2018, 22/11/2018 എന്നീ തീയതികളിലെ സർക്കാർ കത്തുകൾ

******

സൂചനയിലേക്ക് സർക്കാരിന്റെ ശ്രദ്ധ സദയം ക്ഷണിക്കുന്നു . കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010, 30/05/2010-ലെ ജി.ഒ (പി) നമ്പർ 5/2010/സി.എസ്.ഐ.എൻ.സി പ്രകാരം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത റൂൾ 2010 സെപ്തംബർ 15 മുതൽ തുറമുഖവകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നതു മുതൽ എഞ്ചിൻ ഘടിപ്പിച്ച ഉൾനാടൻ ജലയാനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിവരുന്നുണ്ട്. കേരളാ ഇൻലാന്റ് വെസ്സൽ റൂൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഫെറി ഉൾപ്പെടെയുള്ള യാത്രാബോട്ടുകൾ സർവ്വീസ് നടത്തുമ്പോൾ സാധുതയുള്ള തേർഡ് പാർട്ടി ഇൻഷ്വറൻസ് ഉണ്ടായിരിക്കണമെന്ന് ഇൻലാന്റ് വെസൽസ് ആക്ട് 1917 – ചാപ്റ്റർ VI A സെക്ഷൻ 54 C -യിലും , കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010 പാർട്ട് II , സെക്ഷൻ 16 d-യിലും വ്യവസ്ഥ ചെയ്യുന്നുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഈ വ്യവസ്ഥകൾ പാലിക്കുന്ന യാനങ്ങൾക്കാണ് കെ.ഐ.വി പ്രകാരം രജിസ്ട്രേഷൻ / ആന്വൽ സർവ്വേ സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നത്.

2015 ആഗസ്റ്റ് 26-ന് ഫോർട്ട് കൊച്ചി ദുരന്തത്തിൽപ്പെട്ട BHARAT എന്ന യാനം കെ.ഐ.വി റൂൾ 2010 പ്രകാരം KIV/KDR/PV/0260/12 നമ്പരായി കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രിയിൽ 29/03/2012-ൽ രജിസ്റ്റർ ചെയ്തിരുന്നതും പ്രസ്തുത യാനത്തിന് 25/02/2015 മുതൽ 24/02/2016 വരെ കാലാവധിയുള്ള ഇൻഷ്വറൻസും , 28/03/2017 വരെ കാലാവധിയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ,28/03/2016 വരെ കാലാവധിയുള്ള സർട്ടിഫിക്കറ്റും നിലവിലുണ്ടായിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) . ഈ വിവരങ്ങൾ അറിവിനും നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു.

2010-ലെ ചട്ടങ്ങൾക്കുള്ള ഉത്തരവ് മുൻ കാല പ്രാബല്യത്തോടെ ഇറക്കാനുള്ള നടപടികൾ സർക്കാർതലത്തിലാണ് നടപ്പിലാക്കേണ്ടത്.

വിശ്വസ്തതയോടെ ,

തുറമുഖ ഡയറക്ടർ

ഉള്ളടക്കം : മേൽ പറഞ്ഞത്

ആർ എൽ /11/1/19

സെക്ഷൻ ഓഫീസർ